(ഡി) സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കപ്പെടാത്തതിന്റെ പേരിൽ പുസ്തകം വാങ്ങിയതുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ; അവർക്കെതിരെ എന്തൊക്കെ നടപടികൾ കൈക്കൊണ്ടു; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിയമങ്ങൾക്കനുസൃതമായിട്ടാണ്.

(ബി) ഉണ്ട്. 10.5.99-ലെ സിൻഡിക്കേറ്റ് യോഗ തീരുമാന പ്രകാരം.

(സി) പുസ്തകം വാങ്ങുന്നതിന്റെ നിബന്ധനകളേയും മറ്റും സംബന്ധിച്ച് പത്രവാർത്തകൾ വന്നപ്പോഴാണ് ഇപ്രകാരമൊരു തീരുമാനമെടുത്തതെന്ന് യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി)&(ഇ) ഇതു സംബന്ധിച്ച് പത്രവാർത്തകളുണ്ടായിരുന്നു. കൂടാതെ ഈ വിഷയം സംബന്ധിച്ച് കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ ഒരു സർവ്വീസ് സംഘടന സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സർവ്വകലാശാലയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികളെടുക്കാവുന്നതാണ്.

79 (1623) വിധ്വംസക പ്രവർത്തനങ്ങൾക്കെതിരെ വിദ്യാർത്ഥികളെ സജ്ജമാക്കാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോംബ് സ്ഫോടനങ്ങളും വിധ്വംസക പ്രവർത്തനങ്ങളും നടക്കുന്നതിന്റെ പശ്ചാത്തലത്തിൽ കോളേജ് വിദ്യാർത്ഥികളുടെ വോളന്ററി ഗ്രൂപ്പുകൾ സ്ഥാപിച്ച് ഇന്റലിജൻസ് പ്രവർത്തകരെ സഹായിക്കാനുതകുന്ന തരത്തിൽ സ്ഫോടക വസ്തുക്കൾ കണ്ടാൽ തിരിച്ചറിയാനും മറ്റുമുള്ള പ്രാഥമിക വിജ്ഞാനം നൽകുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) കോളേജുകളിലെ എൻ.സി.സി. പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പ്രവർത്തനം ഊർജ്ജിതപ്പെടുത്തിവരുന്നു.

80 (1624) ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് എന്ന പ്രസ്ഥാനത്തിന്റെ ഭരണനിർവ്വഹണം നടത്തുന്നത് ആരാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഭാരവാഹികൾ ആരെല്ലാമാണ്;

(സി) എത്ര കുട്ടികൾ ഇതിൽ അംഗങ്ങളാണ്;

(ഡി) ഈ പ്രസ്ഥാനത്തിന്റെ സെക്രട്ടറിയെക്കുറിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തന രീതികൾ എന്തെല്ലാമാണ്; ഇതുമൂലം കുട്ടികൾക്ക് എന്തെല്ലാം പ്രയോജനം ലഭിക്കുന്നുണ്ട്;

(എഫ്) എത്ര വിദ്യാലയങ്ങളിൽ ഇപ്പോൾ ഇതിന്റെ യൂണിറ്റുകൾ പ്രവർത്തിക്കുന്നു?

ഉത്തരം

(എ) ഭരണ നിർവ്വഹണം നടത്തുന്നത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ സ്റ്റേറ്റ് ചീഫ് കമ്മീഷണർ (ഇപ്പോഴത്തെ വിദ്യാഭ്യാസ ഡയറക്ടർ) ആണ്. കാര്യക്ഷമമായ കാര്യനിർവ്വഹണത്തിനും സ്റ്റേറ്റ്തലത്തിലും ദേശീയതലത്തിലും ഉള്ള ലക്ഷ്യങ്ങൾ നേടുന്നതിനും സ്റ്റേറ്റ് സെക്രട്ടറി, സ്റ്റേറ്റ് ചീഫ് കമ്മീഷണറെ സഹായിക്കുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു†

(സി) 1996-97-ൽ ഒരു ലക്ഷത്തിൽത്താഴെ കുട്ടികൾ ഇതിൽ അംഗങ്ങളായിരുന്നു. 1997-98-ൽ 1,23,183 കുട്ടികൾ അംഗങ്ങളായിരുന്നു. 1998-99-ലെ കണക്ക് ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്. അന്വേഷണം നടത്തിവരുന്നു.

(ഇ) ക്രമപ്രവൃദ്ധമായ ഒരു സ്വയം വിദ്യാഭ്യാസ പദ്ധതിയാണ് സ്കൗട്ട്സ് ആന്റ് ഗൈഡ് പ്രസ്ഥാനം. മുതിർന്നവരുടെ നേതൃത്വത്തിൽ ചെറു സംഘങ്ങളിൽ അംഗങ്ങളായി പ്രവർത്തിച്ച് സ്വഭാവ സംസ്കരണം, വൈദഗ്ദ്ധ്യസമാർജ്ജനം, സ്വാശ്രയത്വം, വിശ്വാസ്യത, സഹകരിച്ച് പ്രവർത്തിക്കുന്നതിനും നയിക്കുന്നതിനുമുള്ള യോഗ്യത എന്നിവ ലാക്കാക്കി കണ്ടെത്തലുകൾ നടത്തുകയും, ഉത്തരവാദിത്വങ്ങൾ സ്വീകരിക്കുകയും സ്വയംഭരണത്തിനുള്ള പരിശീലനം നേടുകയും ചെയ്യുക. ഇതുമൂലം കുട്ടികൾക്ക് താഴെപ്പറയുന്ന പ്രയോജനം ലഭിക്കുന്നു.

1. സ്വഭാവഗുണം, ബുദ്ധിവികസനം, നേതൃത്വഗുണം എന്നിവ വർദ്ധിപ്പിക്കുന്നു.
2. ആരോഗ്യപരമായും, കായികമായും വളർച്ചയുണ്ടാകുന്നു.
3. പ്രയോജനപ്രദമായ കൈവേലകൾ പഠിക്കുന്നു.
4. സേവനമനോഭാവം വളർത്തുന്നു.

(എഫ്) 4899 വിദ്യാലയങ്ങളിൽ.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly